"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, ശ്രീമതി.ബിന്ദു.പി.എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM)1060/2023, OA(EKM)1061/2023, OA(EKM)1063/2023 നമ്പർ കേസുകളിലെ 04.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1829/2023/LSGD തീയതി,തിരുവനന്തപുരം, 15-09-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, ശ്രീമതി.ബിന്ദു.പി.എം എന്നിവർ സർക്കാരിൽ സമർപ്പിച്ച 03.07.2023 തീയതിയിലെ അപ്പീൽ അപേക്ഷകൾ
3. ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, ശ്രീമതി.ബിന്ദു.പി.എം എന്നിവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1060/2023, OA(EKM)1061/2023, OA(EKM)1063/2023 നമ്പർ കേസുകളിലെ 04.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023 തീയതിയിലെ LSGD/PD/54103/2023-DEC2 നമ്പർ കത്ത്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകപ്പിലെ 2023 ലെ പരാമർശം 1 പൊതുസ്ഥലംമാറ്റഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, ശ്രീമതി.ബിന്ദു.പി.എം എന്നിവർ പരാമർശം 2 പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ടിയാളുകൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1060/2023, OA(EKM)1061/2023, OA(EKM)1063/2023 നമ്പർ കേസുകളിലെ 04.07.2023 തീയതിയിലെ പൊതുഉത്തരവ് പ്രകാരം അപേക്ഷകർ ഒന്നാം എതിർ കക്ഷി മുമ്പാകെ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകൾ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതുവരെ മേൽ ജീവനക്കാരെ നിലവിലെ സ്റ്റേഷനുകളിൽ നിന്നും വിടുതൽ ചെയ്യരുതെന്നും നിർദ്ദേശിച്ചിരുന്നു.

2. തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായ ശ്രീ.വി.പി.രമേഷ്, സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം 31.05.2024ൽ സേവനത്തിൽ വിരമിക്കുന്നതാണെന്നും, വിരമിക്കുന്നതിന് 2

വർഷം ഉള്ള ജീവനക്കാർക്ക് അവരുടെ ഹോം സ്റ്റേഷനിൽ ജോലി ചെയ്ത് പെൻഷൻ പറ്റുന്നതിന് അവസരം നൽകണമെന്ന ഉത്തരവ് പരിഗണിക്കാതെ തന്നെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി ഉത്തരവായതായും അറിയിക്കുന്നു. സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് 11 മാസം മാത്രം അവശേഷിക്കേ സ്ഥലം മാറ്റുന്നത് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ആയതിനാൽ തന്റെ ശാരീരിക അവശതകൾ പരിഗണിച്ച് ഹോം സ്റ്റേഷനായ തൃശ്ശൂർ കോർപ്പറേഷനിലെ ജോലി ചെയ്ത് പെൻഷൻ പറ്റുന്നതിന് അവസരം ഉണ്ടാക്കിത്തരണമെന്ന് അപേക്ഷിച്ചിരുന്നു.

3. തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായ ശ്രീമതി.സുലോചന.എം.ആർ, സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം 31.05.2024ൽ സേവനത്തിൽ വിരമിക്കുന്നതാണെന്നും, വിരമിക്കുന്നതിന് 2 വർഷം ഉള്ള ജീവനക്കാർക്ക് അവരുടെ ഹോം സ്റ്റേഷനിൽ ജോലി ചെയ്ത് പെൻഷൻ പറ്റുന്നതിന് അവസരം നൽകണമെന്ന ഉത്തരവ് പരിഗണിക്കാതെ തന്നെ അടാട്ട് ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി ഉത്തരവായതായും അറിയിക്കുന്നു. സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് 11 മാസം മാത്രം അവശേഷിക്കേ സ്ഥലം മാറ്റുന്നത് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും സാമ്പത്തികമായി താഴ്ന്ന നിലയിൽ നിൽക്കുന്ന തനിക്ക് വളരെയധികം ക്ലേശങ്ങൾ ഉണ്ടാക്കുകയും ചെയ്യുമെന്നതിനാൽ തന്നെ ഹോം സ്റ്റേഷനായ തൃശ്ശൂർ കോർപ്പറേഷനിലെ ജോലി ചെയ്ത് പെൻഷൻ പറ്റുന്നതിന് അവസരം ഉണ്ടാക്കിത്തരണമെന്ന് അപേക്ഷിച്ചിരുന്നു. ശ്രീമതി. ബിന്ദു.പി.എം, സമർപ്പിച്ച അപേക്ഷ പ്രകാരം ടിയാൾ ഭിന്നശേഷിക്കാരിയും അവിവാഹിതയും അപകടത്തെ തുടർന്ന് പരിക്കേറ്റതിനാൽ കാലുകളുടെ ചലനശേഷി നഷ്ടപ്പെടുകയും ദൂരെയുള്ള സ്ഥലത്തേക്ക് പോയി ജോലി ചെയ്യുവാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളതെന്നും ആയതിനാൽ തിരുവില്വാമല ഗ്രാമപഞ്ചായത്തിലേക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കി ഹോം സ്റ്റേഷനായ തൃശ്ശൂർ കോർപ്പറേഷനിൽ നിലനിർത്തണമെന്നും അപേക്ഷിക്കുയുണ്ടായി.

4. ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, ശ്രീമതി.ബിന്ദു.പി.എം എന്നിവരുടെ അപേക്ഷകളിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ 2023-ൽ ഓൺലൈനായാണ് പൊതുസ്ഥലംമാറ്റം നടപ്പിലാക്കിയിരുന്നത് എന്നും ഹർജിക്കാരനായ ശ്രീ.വി.പി.രമേഷ് (ജി 54418) 13.08.2018 മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്നുണ്ട് എന്നും നിലവിൽ ടി ഓഫീസിൽ ശ്രീ.വി.പി.രമേഷ് പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം 3 വർഷത്തെ സേവനം (4 വർഷവും 7 മാസവും 24 ദിവസവും (Total 1697 DAYS) പൂർത്തീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നു. അപേക്ഷകൻ 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നില്ല. പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം 2 വർഷത്തിനകം സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തൽ മുൻഗണനാമാർക്ക് നൽകി സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് സ്ഥലംമാറ്റമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഹർജിക്കാരനായ ശ്രീ.വി.പി.രമേഷ് ടി അവസരം വിനിയോഗിക്കുകയോ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുകയോ ചെയ്തിരുന്നില്ല. ഓൺലൈൻ മുഖേന നടപ്പിലാക്കിയിരുന്ന സ്ഥലംമാറ്റത്തിൽ ശ്രീ.വി.പി.രമേഷ് തൃശ്ശൂർ കോർപ്പറേഷനിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലും സ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ഒഴിവ് നിലവിലുണ്ടായിരുന്ന തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലേക്കാണ് അന്തിമ സ്ഥലംമാറ്റപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വിവരമിക്കാൻ 11 മാസം മാത്രം ശേഷിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചാൽ

പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്ന അപ്പീൽ അപേക്ഷയിലെ വാദം വസ്തുതാപരമല്ലായെന്നും ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും ആയത് കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ശ്രീമതി. സുലോചന.എം.ആർ ( പെൻ ജി 60850) 15.07.2013 മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്നുണ്ട് എന്നും നിലവിൽ ടി ഓഫീസിൽ ടിയാൾ 9 വർഷവും 8 മാസവും 19 ദിവസവും (Total 3547 DAYS ) പൂർത്തീകരിച്ചിട്ടുണ്ട് എന്നും അപേക്ഷക 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു. പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം 2, വർഷത്തിനകം സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തൽ മുൻഗണനാമാർക്ക് നൽകി സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് സ്ഥലംമാറ്റമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഹർജിക്കാരിയായ ശ്രീമതി. സുലോചന.എം.ആർ ടി അവസരം വിനിയോഗിക്കുകയോ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുകയോ ചെയ്തിരുന്നില്ലായെന്നും ഓൺലൈൻ മുഖേന നടപ്പിലാക്കിയിരുന്ന സ്ഥലംമാറ്റത്തിൽ ശ്രീമതി. സുലോചന.എം.ആർ തൃശ്ശൂർ കോർപ്പറേഷനിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലും സ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ഒഴിവ് നിലവിലുണ്ടായിരുന്ന തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലേക്കാണ് അന്തിമ സ്ഥലംമാറ്റപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നും 31.05.2024 ന് വിരമിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചാൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്ന അപ്പീൽ അപേക്ഷയിലെ വാദം പരിഗണനാർഹമല്ലായെന്നും ടിയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും ആയത് കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. ശ്രീമതി. ബിന്ദു.പി.എം ( ജി 6768) 12.04.2011 മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്നുണ്ട് എന്നും നിലവിൽ ടി ഓഫീസിൽ 12 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു. അപേക്ഷക 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നില്ലായെന്നും ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തൽ മുൻഗണനാ മാർക്ക് നൽകി സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് സ്ഥലംമാറ്റമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഹർജിക്കാരിയായ ശ്രീമതി. ബിന്ദു.പി.എം. ടി അവസരം വിനിയോഗിക്കുകയോ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുകയോ ചെയ്തിരുന്നില്ലായെന്നും ഓൺലൈൻ മുഖേന നടപ്പിലാക്കിയിരുന്ന സ്ഥലംമാറ്റത്തിൽ ശ്രീമതി. ബിന്ദു.പി.എം തൃശ്ശൂർ കോർപ്പറേഷനിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലും സ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ഒഴിവ് നിലവിലുണ്ടായിരുന്ന തൃശ്ശൂർ ജില്ലയിലെ തിരുവില്ലാമല ഗ്രാമപഞ്ചായത്തിലേക്കാണ് അന്തിമ സ്ഥലംമാറ്റപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ശ്രീമതി. ബിന്ദു.പി.എം സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളെ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും ആയത് കൂടുതൽ കോടതി

വ്യവഹാരങ്ങൾക്ക് കാരണമാകാനും സാധ്യതയുണ്ട് എന്നാൽ അപേക്ഷക 45%, ഭിന്നശേഷിക്കാരിയാണെന്നും അപകടത്തെ തുടർന്ന് അവധിയിലായിരുന്നതിനാലാണ് പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകക്ക് മറ്റ് സ്റ്റേഷനുകളിൽ ഒഴിവു വരുന്ന മുറയ്ക്ക് മുൻഗണനാക്രമം അനുസരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചതിൽ ഓൺലൈൻ മുഖേന നടപ്പിലാക്കിയിരുന്ന സ്ഥലംമാറ്റത്തിൽ ശ്രീ.വി.പി.രമേഷ്, ശ്രീമതി. സുലോചന.എം.ആർ, ശ്രീമതി. ബിന്ദു.പി.എം എന്നിവർ തൃശ്ശൂർ കോർപ്പറേഷനിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലും സ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലുമാണ് ഒഴിവ് നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളിലേക്ക് അന്തിമ സ്ഥലംമാറ്റപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വിരമിക്കാൻ 11 മാസം മാത്രം ശേഷിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചാൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്ന ശ്രീ.വി.പി.രമേഷ്, ശ്രീമതി. സുലോചന.എം.ആർ, എന്നിവരുടെ അപ്പീൽ അപേക്ഷയിലെ വാദം വസ്തുതാപരമല്ല. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും ആയത് കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നതിനാൽ ശ്രീ.വി.പി.രമേഷ്, ശ്രീമതി. സുലോചന.എം.ആർ, എന്നിവരുടെ ഹർജിയിലെ വാദം നിലനിൽക്കുന്നതല്ലെന്ന് കാണുന്നു. എന്നാൽ ശ്രീമതി. ബിന്ദു.പി.എം., 45% ഭിന്നശേഷിക്കാരിയാണെന്നും അപകടത്തെ തുടർന്ന് അവധിയിലായിരുന്നതിനാലാണ് പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നതെന്നുള്ളതെന്ന വാദം വസ്തുതതാപരമാണെന്ന് കാണുന്നു.

8. മേൽ സാഹചര്യത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.വി.പി.രമേഷ്, ശ്രീമതി.സുലോചന.എം.ആർ, എന്നിവരുടെ അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ചുകൊണ്ടും ശ്രീമതി. ബിന്ദു.പി.എം, 45% ഭിന്നശേഷിക്കാരിയാണെന്നത് പരിഗണിച്ച് അടുത്ത് ഒഴിവ് വരുന്ന മുറക്ക് വളരെ അനുയോജ്യമായ സ്ഥലത്ത് നിയമനം നല്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ടിയാളുകളുടെ പരാമർശം 2 അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

9. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1060/2023, OA(EKM) 1061/2023, OA(EKM) 1063/2023 നമ്പർ കേസുകളിലെ 04.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)

ശ്രീ.വി.പി.രമേഷ്/ശ്രീമതി.സുലോചന.എം.ആർ/ശ്രീമതി. ബിന്ദു.പി.എം, സീനിയർ ക്ലാർക്ക് തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 15-09-2023 16:44:09

സെക്ഷൻ ഓഫീസർ